'ഭരണഭാഷ - മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പത്മരാജൻ പി.ടി.യ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1578/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/07/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 07.01.2016-ലെ ഇ12(വിഇ 01/2014/കെകെടി) 19588/2014 നമ്പർ കത്ത്

2 സർക്കാരിന്റെ 28.11.2016-ലെ 149/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. പത്മരാജൻ പി.ടി. സമർപ്പിച്ച 21.03.2017-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 15.12.2017-ലെ ഡി1-35460/16 നമ്പർ കത്ത്

5 സ.ഉ.(സാധാ) നം.1554/2018/തസ്വഭവ തീയതി 07.06.2018

6 പഞ്ചായത്ത് ഡയറക്ടറുടെ 03.08.2018-ലെ ഡി1-35460/16 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വനിതകൾക്കായി തൊഴിൽ പരിശീലനം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പയ്യോളി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിയിൽ പ്പെട്ട 6 0 വനിതകൾക്ക് ഖാദിത്തുണി നെയ്ത്തിനും നൂൽ നൂൽപ്പിനും സ്ഥിരമായി തൊഴിൽ സൗകര്യം ഒരുക്കുന്നതിന് പദ്ധതി നമ്പർ 214/12 ആയി തൊഴിൽ പരിശീലനവും ഉപകരണം വാങ്ങലും (വനിത-പട്ടികജാതി) സംയുക്തം എന്ന പദ്ധതിയ്ക്ക് രൂപം നല്കുകയും 2011-12വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ എസ്.സി.പി. വിഹിതം 6,00,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 17,00,000/- രൂപയും ഉൾപ്പെടെ 23,00,000/-രൂപ അടങ്കലായി വകയിരുത്തുകയും ചെയ്ത പ്രസ്തുത പ്രൊജക്റ്റ് നടപ്പിലാക്കുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തു നിന്നും മേൽ നോട്ട വീഴ്ച ഉണ്ടായി, ടെൻഡർ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായി, അതു പോലെ തന്നെ ടി പ്രോജക്റ്റിൽ നെയ്ത്ത് എന്നതിൽ നിന്നും സ്പിന്നിംഗ് എന്നതിലേയ്ക്ക് മാറ്റിയതിലും കേരളത്തിൽ ലഭ്യമല്ലാത്ത ചർക്ക വാങ്ങുവാൻ തീരുമാനമെടുത്തതിലും സെക്രട്ടറി കുറ്റക്കാരനാണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പയ്യോളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പത്മരാജൻ.പി.ടി.യ്ക്ക് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 4 ) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തുടർന്ന് ശ്രീ. പത്മരാജൻ പി.ടി.യുടെ ഭാഗത്തുനിന്നും പ്രസ്തുത പ്രോജക്റ്റ്

നടപ്പിലാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പത്മരാജൻ പി.ടി.യ്ക്കെതിരെയുള്ള അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി പരാമർ ശം ( 5 ) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. പത്മരാജൻ പി.ടി. 31.05.2016-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേവനത്തിലുള്ള ജീവനക്കാർക്കെതിരെ മാത്രമേ കെ.സി.എസ്.(സി.സി&എ)ചട്ടങ്ങൾ പ്രകാരമുള്ള അച്ചടക്കനടപടി തീർപ്പാക്കാൻ സാധിക്കുകയുള്ളൂ. ശ്രീ. പത്മരാജൻ പി.ടി. സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ കെ.സി.എസ്. (സി.സി&എ) ചട്ടങ്ങൾ പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി പുറപ്പെടുവിച്ച പരാമർശം (5) ഉത്തരവ് റദ്ദ് ചെയ്യും ശ്രീ. പത്മരാജൻ പി.ടി.യ്ക്കെതിരെ കെ.എസ്.ആർ. ഭാഗം 3 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. പത്മരാജൻ പി.റ്റി, മുൻ സെക്രട്ടറി, പയ്യോളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. ധനകാര്യ (ഡെവ-വിംഗ്) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡെവ.1/373/2018-ധന. തീയതി 16.02.2019 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/149/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ